പഠനം

◆

കെ.ടി ഹുസൈന്‍

**രാഷ്ട്രീയ ചെറുത്തുനില്‍പുകളിലൂടെയും സമുദായ പരിഷ്കരണ പ്രവര്‍ത്തനങ്ങളിലൂടെയും കേരള മുസ്‌ലിം സ്വത്വത്തെ സംരക്ഷിക്കുകയും ബലപ്പെടുത്തുകയും ചെയ്ത വിപ്ലവകാരികളായിരുന്നു സയ്യിദ് അലവി തങ്ങളും പുത്രന്‍ സയ്യിദ് ഫസല്‍ പൂക്കോയ തങ്ങളും. ഇസ്‌ലാമിനെ ആചാരങ്ങളില്‍ തളച്ചിട്ട കേവല മതപണ്ഡിതന്മാരായിരുന്നില്ല അവര്‍. ഖുര്‍ആനും സുന്നത്തും ആയുധമാക്കി സമുദായത്തിലെ ജീര്‍ണതകള്‍ക്കെതിരെ പോരാടുകയും പ്രസ്തുത പോരാട്ടത്തെ സമുദായത്തിന്റെ രാഷ്ട്രീയ അതിജീവനത്തിന് ഇന്ധനമാക്കുകയും ചെയ്ത നവോത്ഥാന നായകന്മാരായിരുന്നു മമ്പുറം തങ്ങന്മാര്‍. മതം അവര്‍ക്ക് സ്വകാര്യ ഏര്‍പ്പാടോ ആത്മീയ വ്യവസായത്തിനുള്ള മൂലധനമോ ആയിരുന്നില്ല. പ്രത്യുത സാമൂഹിക ഇടപെടലിന്റെ ചാലകശക്തിയും വിമോചനത്തിന്റെ കാഹളധ്വനിയുമായിരുന്നു.**

# മമ്പുറം തങ്ങന്മാര്‍
## സമരം, പ്രത്യയശാസ്ത്രം

മൈസൂര്‍ സുല്‍ത്താന്മാരായ ഹൈദറലിയുടെയും ടിപ്പുവിന്റെയും ഹ്രസ്വ ഭരണത്തിനു ശേഷം ബ്രിട്ടീഷ് കൊളോണിയലിസവും അവര്‍ താങ്ങിനിര്‍ത്തിയ ജന്മിത്തവും കേരളീയ ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും പിടിമുറുക്കിയ ചരിത്രഘട്ടത്തില്‍ അതിനെതിരായ രാഷ്ട്രീയ ചെറുത്തുനില്‍പുകളിലൂടെയും സമുദായ പരിഷ്കരണ പ്രവര്‍ത്തനങ്ങളിലൂടെയും കേരള മുസ്‌ലിം സ്വത്വത്തെ സംരക്ഷിക്കുകയും ബലപ്പെടുത്തുകയും ചെയ്ത വിപ്ലവകാരികളായിരുന്നു മമ്പുറം തങ്ങന്മാര്‍ എന്നറിയപ്പെടുന്ന സയ്യിദ് അലവി തങ്ങളും പുത്രന്‍ സയ്യിദ് ഫസല്‍ പൂക്കോയ തങ്ങളും. സൈനുദ്ദീന്‍ മഖ്ദൂമുമാരെപ്പോലെ മമ്പുറം തങ്ങന്മാരും ഇസ്‌ലാമിനെ ആചാരങ്ങളില്‍ തളച്ചിട്ട കേവല മതപണ്ഡിതന്മാരായിരുന്നില്ല. ഖുര്‍ആനും സുന്നത്തും ആയുധമാക്കി സമുദായത്തിലെ ജീര്‍ണതകള്‍ക്കെതിരെ പോരാടുകയും പ്രസ്തുത പോരാട്ടത്തെ സമുദായത്തിന്റെ രാഷ്ട്രീയ അതിജീവനത്തിന് ഇന്ധനമാക്കുകയും ചെയ്ത നവോത്ഥാന നായകന്മാരായിരുന്നു അവര്‍. മതം അവര്‍ക്ക് സ്വകാര്യ ഏര്‍പ്പാടോ ആത്മീയ വ്യവസായത്തിനുള്ള മൂലധനമോ ആയിരുന്നില്ല. പ്രത്യുത സാമൂഹിക ഇടപെടലിന്റെ ചാലകശക്തിയും വിമോചനത്തിന്റെ കാഹളധ്വനിയുമായിരുന്നു.

ഹിജ്റ 1166/ക്രി.വ. 1753-ല്‍ യമനിലെ ഹദ്റമൗത്തിലെ തരീമിലായിരുന്നു സയ്യിദ് അലവി തങ്ങളുടെ ജനനം. അദ്ദേഹത്തിന്റെ കുടുംബവേരുകള്‍ പ്രവാചകപുത്രി ഫാത്വിമയില്‍ സന്ധിക്കുന്നതായി പറയപ്പെടുന്നുണ്ട്. ബാ അലവി സാദാത്ത് എന്നാണ് മമ്പുറം തങ്ങന്മാരുടെ കുടുംബം അറിയപ്പെട്ടിരുന്നത്. ഹിജ്റ നാലാം ശതകത്തില്‍ ഹദ്റമൗത്തിലെ സമല്‍ ഗ്രാമത്തില്‍ ജീവിച്ചിരുന്ന അലവി ഇബ്നു ഉബൈദുല്ലയില്‍നിന്നാണ് ബാ അലവി കുടുംബത്തിന്റെ ഉത്ഭവം എന്ന് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. യമന്‍, ഹിജാസ്, പടിഞ്ഞാറന്‍ ആഫ്രിക്ക, കിഴക്കന്‍ ആഫ്രിക്ക, ജാവ, സുമാത്ര, ഇന്ത്യ തുടങ്ങിയ പ്രദേശങ്ങളിലെല്ലാം ഈ കുടുംബക്കാര്‍ ഇസ്‌ലാമിക പ്രബോധനാര്‍ഥം പര്യടനം നടത്തിയിരുന്നതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. മുഹമ്മദുബ്നു സഹ്ല്‍ മൗല ദവീലയും ഫാത്വിമാ ജിഫ്രിയുമാണ് സയ്യിദ് അലവി തങ്ങളുടെ മാതാപിതാക്കള്‍. ഇരുവരും സയ്യിദ് അല

വിയുടെ ബാല്യത്തിലേ മരണപ്പെട്ടതിനാൽ തന്റെ ഒരമ്മായിയുടെ സംരക്ഷണത്തിലാണ് അദ്ദേഹം വളർന്നത്. 17 വയസ്സ് പൂർത്തിയാകുന്നതിനു മുമ്പുതന്നെ സയ്യിദ് അലവി ഇസ്‌ലാമിക വിജ്ഞാനീയങ്ങളിൽ അവഗാഹം നേടി. ഇസ്‌ലാമിക പ്രബോധനാർഥം കേരളത്തിലേക്ക് കുടിയേറിയ മാതുലന്മാരായ ശൈഖ് ജിഫ്‌രിയുടെയും ശൈഖ് ഹസൻ ജിഫ്‌രിയുടെയും പാത പിന്തുടർന്ന് അദ്ദേഹവും 17-ാം വയസ്സിൽ കപ്പലിൽ കേരളത്തിലേക്ക് പുറപ്പെട്ടു. കോഴിക്കോട്ടെ ജിഫ്‌രി കുടുംബത്തിന്റെ സ്ഥാപകനായ ശൈഖ് ജിഫ്‌രിയുടെ അഭ്യർഥനയെത്തുടർന്നായിരുന്നു ഈ യാത്ര എന്ന് പറയപ്പെടുന്നു.

1183/1769-ൽ കോഴിക്കോട്ട് കപ്പലിറങ്ങിയ സയ്യിദ് അലവി അൽപകാലം മാത്രമേ കോഴിക്കോട് ജിഫ്‌രി കുടുംബത്തിൽ തങ്ങിയുള്ളൂ. അദ്ദേഹം കോഴിക്കോട്ടെത്തുന്നതിന് അഞ്ചു വർഷം മുമ്പ് മരണപ്പെട്ട മാതുലൻ ശൈഖ് ഹസൻ ജിഫ്‌രി തിരൂരങ്ങാടിയിൽ തുടക്കം കുറിച്ച പ്രബോധന-സംസ്കരണ-രാഷ്ട്രീയ പ്രവർത്തനം ഏറ്റെടുത്ത് നടത്തേണ്ട നിയോഗം അദ്ദേഹത്തിന്റെ ചുമലിലാണ് അർപ്പിക്കപ്പെട്ടത്. 1764-ൽ മരണപ്പെട്ട ശൈഖ് ഹസൻ ജിഫ്‌രി മലബാറിലെ ഉൾനാടുകൾ കേന്ദ്രീകരിച്ച് ഇസ്‌ലാമികസമൂഹത്തെ രൂപപ്പെടുത്തുന്നതിലും അവരുടെ സ്വത്വ രൂപീകരണത്തിലും പ്രധാന പങ്ക് വഹിച്ച വ്യക്തിയാണ്. കോഴിക്കോട്ടെ സാമൂതിരി ബ്രിട്ടീഷുകാരുടെ സഹായത്തോടെ തിരൂരങ്ങാടിയിലെ മാപ്പിളമാരെ ഒതുക്കാൻ ശ്രമിച്ചുകൊണ്ടിരുന്ന സംഘർഷഭരിതമായ അന്തരീക്ഷത്തിലാണ് ശൈഖ് ഹസൻ ജിഫ്‌രി തിരൂരങ്ങാടിയിൽ വരുന്നത്. മമ്പുറത്ത് താമസമാക്കിയ അദ്ദേഹം ഇംഗ്ലീഷുകാരെ നേരിടാൻ ഉറച്ച നേതൃത്വവും ആയുധസജ്ജീകരണവും ആവശ്യമാണെന്നും ചെറിയ സംഘട്ടനങ്ങൾ കൊണ്ട് പ്രയോജനമില്ലെന്നും തിരൂരങ്ങാടിയിലെ മുസ്‌ലിംകളെ ബോധ്യപ്പെടുത്തി. ഉൾനാടുകളിലേക്ക് ഇസ്‌ലാമിക പ്രചാരണാർഥം പ്രബോധകന്മാരെ നിയോഗിച്ച അദ്ദേഹം തനിക്ക് ലഭിച്ച ദാനധർമങ്ങളെല്ലാം ജാതി മതഭേദമന്യേ പാവങ്ങൾക്കിടയിൽ വിതരണം ചെയ്ത് സമൂഹത്തിൽ സർവാദരണീയ സ്ഥാനം നേടിയെടുത്തു. തിരൂരങ്ങാടിയിലെ വലിയാക്കത്തൊടി കമ്മു മൊല്ലയുടെ മകളെയാണ് അദ്ദേഹം വിവാഹം ചെയ്തിരുന്നത്. അവരിലുണ്ടായ ഫാത്വിമ എന്ന മകളെ ഹദ്റമൗത്തിൽനിന്ന് വരുന്ന തന്റെ സഹോദരിപുത്രൻ സയ്യിദ് അലവിക്ക് വിവാഹം ചെയ്തുകൊടുക്കണമെന്ന് തിരൂരങ്ങാടി ഖാദിയായിരുന്ന ശൈഖ് ജമാലുദ്ദീൻ മഖ്ദൂമിനോട് മരിക്കുന്നതിനു മുമ്പ് ശൈഖ് ഹസൻ ജിഫ്‌രി വസ്വിയ്യത്ത് ചെയ്തിരുന്നു. അതിനാൽ ശൈഖ് ഹസൻ ജിഫ്‌രിയുടെ പിൻഗാമിയായി സയ്യിദ് അലവി മമ്പുറത്തെത്തിയ ഉടനെത്തന്നെ വസ്വിയ്യത്ത് പ്രകാരം ജമാലുദ്ദീൻ മഖ്ദൂം ജിഫ്‌രിയുടെ മകൾ ഫാത്വിമയെ അദ്ദേഹത്തിന് വിവാഹം ചെയ്തുകൊടുത്തു. വിവാഹാനന്തരം കുറച്ചുകാലം അദ്ദേഹം ഭാര്യയുടെ വലിയാക്കത്തൊടി തറവാട്ടിലാണ് താമസിച്ചത്. പിന്നീട് മമ്പുറത്ത് സ്വന്തമായി വീടു വെച്ച് അവിടേക്ക് താമസം മാറ്റി. അനന്തരം മമ്പുറത്തെ ചെറിയ പള്ളി കേന്ദ്രീകരിച്ചാണ് അദ്ദേഹത്തിന്റെ സാമൂഹിക, രാഷ്ട്രീയ, സംസ്കരണ പ്രവർത്തനങ്ങളെല്ലാം നടന്നത്.

## ചരിത്ര പശ്ചാത്തലം

സയ്യിദ് അലവി തങ്ങൾ നിർവഹിച്ച സാമൂഹിക, രാഷ്ട്രീയ, സംസ്കരണ പ്രവർത്തനങ്ങളുടെ സ്വഭാവവും പ്രാധാന്യവും മനസ്സിലാക്കണമെങ്കിൽ അദ്ദേഹം അഭിമുഖീകരിച്ച മലബാറിന്റെ സാമൂഹിക, രാഷ്ട്രീയ സ്ഥിതിഗതികളെക്കുറിച്ച് സാമാന്യ ധാരണയെങ്കിലും ആവശ്യമാണ്. കോഴിക്കോട്ടെ സാമൂതിരി പോർച്ചുഗീസുകാരുമായി ചേർന്ന്, അധിനിവേശവിരുദ്ധ പോരാട്ടത്തിന്റെ വീരഗാഥ രചിച്ച കുഞ്ഞാലി മരക്കാർക്കെതിരെ യുദ്ധം ചെയ്ത 16-ാം നൂറ്റാണ്ടിന്റെ അവസാനം വരെ കേരളത്തിന്റെ തീരപ്രദേശം കേന്ദ്രീകരിച്ചിരുന്ന പ്രബുദ്ധമായ കച്ചവട സമൂഹമായിരുന്നു മുസ്‌ലിംകൾ. 15-ാം നൂറ്റാണ്ടിന്റെ ഒടുവിലെ പോർച്ചുഗീസ് അധിനിവേശം അവരെ പോരാട്ട സമൂഹമായും രൂപാന്തരപ്പെടുത്തി. എന്നാൽ അധിനിവേശവിരുദ്ധ പോരാട്ടത്തിന്റെ നിർണായകമായ ഒരു ഘട്ടത്തിൽ അതുവരെ കൂടെ നിന്നിരുന്ന സാമൂതിരി കളംമാറി ചവിട്ടിയതോടെ മുസ്‌ലിംകൾ പോരാട്ടഭൂമിയിൽ ഒറ്റപ്പെട്ടു. എങ്കിലും അധിനിവേശവിരുദ്ധ പോരാട്ടം അവർ ദീർഘകാലം ഒറ്റക്കുതന്നെ മുന്നോട്ടുകൊണ്ടുപോയി. മുസ്‌ലികളുടെ ഈ പോരാട്ടം പോർച്ചുഗീസ് കൊളോണിയലിസത്തെ കേരളതീരത്തുനിന്ന് തുരത്തുന്നതിൽ വിജയം കണ്ടെങ്കിലും അതിനവർക്ക് കൊടുക്കേണ്ടിവന്ന വില വളരെ കനത്തതായിരുന്നു. ഒരു കാലത്ത് കേരളതീരത്തെ സമുദ്രവ്യാപാരം മുഴുവനും നിയന്ത്രിച്ചിരുന്ന മുസ്‌ലിംകളുടെ ഉപജീവനമാർഗം പൂർണമായും തകർക്കപ്പെട്ടുവെന്നതായിരുന്നു അധിനിവേശവിരുദ്ധ പോരാട്ടത്തിന് അവർ കൊടുത്ത ഏറ്റവും വലിയ വില. സ്വന്തമായി കൃഷിഭൂമികളില്ലാത്തതിനാൽ കൃഷിയിൽനിന്നുള്ള വരുമാനം അവർക്കില്ലായിരുന്നു. വ്യാപാരരംഗത്തുനിന്ന് പിഴുതെറിയപ്പെട്ടതിനാൽ ജന്മിമാരുടെ ഭൂമിയിൽ കൃഷി ചെയ്യുന്നതിനായി മലബാറിന്റെ ഉൾനാടുകളിലേക്ക് കുടിയേറുക മാത്രമേ ഉപജീവനത്തിന് അവരുടെ മുമ്പിൽ മാർഗമുണ്ടായിരുന്നുള്ളൂ. ഇപ്പോൾ കേരളത്തിലെ ഏക മുസ്‌ലിം ഭൂരിപക്ഷ ജില്ലയായ മലപ്പുറമടക്കമുള്ള തെക്കേ മലബാറിന്റെ ഉൾനാടുകളിൽ മുസ്‌ലിം സമൂഹം രൂപപ്പെടുന്നതിന്റെയും വ്യാപാരിസമൂഹം കുടിയാൻ സമൂഹമായി പരിവർത്തിക്കപ്പെടുന്നതിന്റെയും തുടക്കം ഇങ്ങനെയായിരുന്നു. 17-ാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് തെക്കേ മലബാറിന്റെ ഉൾനാടുകളിലേക്കുള്ള ഈ കുടിയേറ്റം ആരംഭിച്ചത് എന്നാണ് അനുമാനിക്കപ്പെടുന്നത്.

വൻകിട ഹിന്ദു ജന്മിമാരുടെ ഭൂമിയിൽ കൃഷി ചെയ്തിരുന്ന മാപ്പിള കുടിയാന്മാർ അവരുടെ ചൂഷണത്തിന് ഇരകളായിരുന്നതിനാൽ നിലനിൽപിനു വേണ്ടി അവർക്ക് പലപ്പോഴും ജന്മിമാരുമായി ഏറ്റുമുട്ടേണ്ടിവന്നു. 1728-ൽ മലപ്പുറത്ത് പാറനമ്പി എന്ന നമ്പൂതിരി ജന്മിയുമായും 1754-ൽ തിരൂരങ്ങാടിയിൽ സാമൂതിരിയുടെ നായർ പടയാളികളുമായും മുസ്‌ലിം കുടിയാന്മാർ നടത്തിയ പോരാട്ടങ്ങൾ എടുത്തുപറയേണ്ടവയാണ്. ജന്മികൾ ഹിന്ദുക്കളും കുടിയാന്മാർ മുസ്‌ലിംകളുമായതിനാൽ പിൽക്കാലത്ത് ഈ സംഘട്ടനങ്ങൾക്ക് വർഗീയനിറം നൽകാനുള്ള ശ്രമങ്ങൾ നടന്നുവെങ്കിലും ഇതൊരിക്കലും മത സംഘർഷമോ സാമുദായിക സംഘട്ടനമോ ആയിരുന്നില്ല എന്നതാണ് യാഥാർഥ്യം. ചൂഷകരായ ജന്മിമാരും ചൂഷിതരായ കുടിയാന്മാരും തമ്മിലുള്ള സംഘട്ടനങ്ങൾ മാത്രമായിരുന്നു അവ. ഏതായാലും തീരപ്രദേശത്തെയെന്ന പോലെ ഉൾനാടുകളിലെയും മുസ്‌ലിംകളുടെ സ്വത്വരൂപീകരണത്തിലും വികാസത്തിലും, അനീതിക്കും ചൂഷണത്തിനുമെതിരായ പോരാട്ടങ്ങൾ നിർണായക പങ്ക് വഹിച്ചുവെന്ന് വ്യക്തമാണ്.

17-ഉം 18-ഉം നൂറ്റാണ്ടുകളിൽ ജന്മിത്ത-നാടുവാഴി വ്യവസ്ഥയുടെ കടുത്ത അനീതിക്കും ചൂഷണത്തിനും ഇരകളായ മുസ്‌ലിംകൾക്ക് അൽപമെങ്കിലും ആശ്വാസം ലഭിച്ചത് 18-ാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിൽ മലബാറിൽ മൈസൂർ സുൽത്താന്മാരുടെ ഭാരണം വന്നതിനു ശേഷമാണ്. ഈ ഭരണകാലത്ത് തെക്കേ മലബാറിന്റെ ഉൾനാടുകളിൽ കീഴാള ജാതികളിൽനിന്ന് ഇസ്‌ലാമിലേക്ക് സാമാന്യം ശക്തമായ നിലയിൽതന്നെ ഒഴുക്കുണ്ടായി. വസ്തുനിഷ്ഠമായി ചരിത്രത്തെ സമീപിക്കുന്ന ആർക്കും ഈ മതപരിവർത്തനത്തിന്റെ അടിസ്ഥാനം കടുത്ത ദുരാരോപണങ്ങൾക്ക് ശരവ്യമായ മൈസൂർ സുൽത്താന്മാരുടെ മതനയമാണെന്ന് പറയാനാവില്ല. ടിപ്പു സുൽത്താന്റെ വിപ്ലവകരമായ ഭൂപരിഷ്കരണ നടപടി

ശേഷം പേജ് 27-ൽ......

കളിലാണ് അതിന്റെ കാരണം അന്വേഷി ക്കേണ്ടത്. ടിപ്പുവിന്റെ ഭൂപരിഷ്കരണം മൂലം, കുടിയാന്മാരായ മുസ്‌ലിംകൾക്കെന്ന പോലെ കുടിയാന്മാരായ കീഴാള ജാതിക്കാർക്കും ഭൂമി ലഭിച്ചിരുന്നു. കൃഷിഭൂമി ഒന്നടങ്കം കൈയടക്കിവെച്ചിരുന്ന ബ്രാഹ്മണർക്കും നായന്മാർക്കും മൈസൂർ ഭരണാധികാരികളുടെ ഭൂപരിഷ്കരണ നടപടികൾ കനത്ത ആഘാതമായിരുന്നുവെന്നതിൽ സംശയമില്ല. ഹിന്ദു ജന്മിമാർ മാത്രമല്ല, അപൂർവമായിരുന്നുവെങ്കിലും മഞ്ചേരിയിലെ അത്തൻ കുരിക്കളെ പോലുള്ള മുസ്‌ലിം ജന്മിമാരും തങ്ങളുടെ താൽപര്യത്തിന് അനുഗുണമല്ലാത്തതിനാൽ മൈസൂർ ഭരണത്തെ എതിർത്തിരുന്നുവെന്നതാണ് വസ്തുത. മുസ്‌ലിംകളിലും ഹിന്ദുക്കളിലും പെട്ട പാവപ്പെട്ടവർക്കും ഭൂമിയില്ലാത്ത കർഷകർക്കുമാണ് മൈസൂർ ഭരണം അനുഗ്രഹമായത്. നായന്മാരിൽ പലരെയും മൈസൂർ സുൽത്താന്മാർ നിർബന്ധിച്ചും പ്രലോഭിപ്പിച്ചും മതപരിവർത്തനം നടത്തിയെന്നാരോപിച്ച ബ്രിട്ടീഷ് എഴുത്തുകാർ പോലും തെക്കേ മലബാറിലെ കീഴാള ജാതിക്കാരുടെ മതപരിവർത്തനത്തിന് കാരണം സുൽത്താന്മാരുടെ സമ്മർദമാണെന്ന് ആരോപിച്ചിട്ടില്ല. ഇസ്‌ലാമിന്റെ സമഭാവനയിലും മൈസൂർ ഭരണത്തിന്റെ നന്മയിലും ആകൃഷ്ടരായി അവർ സ്വമേധയാ മുസ്‌ലിംകളാവുകയായിരുന്നു. റോളണ്ട് മില്ലറെ പോലുള്ള ഇംഗ്ലീഷ് എഴുത്തുകാർ തന്നെ ഇക്കാര്യം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഉൾനാടുകളിലെ മുസ്‌ലിംസ്വത്വരൂപീകരണത്തെ സ്വാധീനിച്ച നിർണായക ഘടകമായിരുന്നു കീഴാള വിഭാഗങ്ങളിൽനിന്നുള്ള ഈ മതപരിവർത്തനം.

മൈസൂർ ഭരണകാലത്ത് തുടക്കം കുറിക്കപ്പെട്ട കീഴാള ജാതികളിൽനിന്നുള്ള മതപരിവർത്തന പ്രവണത 19-ാം നൂറ്റാണ്ടിൽ മലബാർ ഇംഗ്ലീഷ് ഭരണത്തിൽ അമർന്നതിനുശേഷം കൂടുതൽ ശക്തിപ്പെടുകയാണ് ചെയ്തത്. മലബാറിലെ മാപ്പിളമാരുടെ നേതൃത്വത്തിൽ ജന്മിത്തത്തിനും അതിനെ സംരക്ഷിച്ചുനിർത്തുന്ന ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനും എതിരെ കനത്ത പോരാട്ടങ്ങൾ നടന്നുകൊണ്ടിരിക്കുന്നതിനിടയിൽതന്നെയാണ് കീഴാള വിഭാഗങ്ങൾക്കിടയിൽ ഇസ്‌ലാമിലേക്കുള്ള മതപരിവർത്തന പ്രവണതയും ശക്തിപ്പെട്ടത് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 1831-1851 കാലയളവിൽ മുസ്‌ലിംകളുടെ അംഗസംഖ്യ 42.8 ശതമാനം വർധിക്കുകയും പള്ളികളുടെ എണ്ണം 137-ൽനിന്ന് 1058 ആയി ഉയരുകയും ചെയ്തതായി മില്ലർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ബ്രിട്ടീഷ് ഭരണത്തിലെ മലബാർ മുസ്‌ലിംകളുടെ ക്രമാനുഗതമായ ജനസംഖ്യാ വളർച്ചയെയാണ് ഇത് സൂചിപ്പിക്കുന്നത്. 1871 മുതൽ 1881 വരെയുള്ള പത്തു വർഷത്തിനിടയിലെ മുസ്‌ലിംകളുടെ അഭൂതപൂർവമായ ഈ ജനസംഖ്യാ വളർച്ചയെ മില്ലറെ പോലെ വില്യം ലോഗനും എടുത്തു പറഞ്ഞിട്ടുണ്ട്. പത്തു വർഷത്തിനിടയിൽ 50,000 പേർ ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയ്തുവെന്നാണ് 1881-ലെ സെൻസസ് റിപ്പോർട്ട് ഉദ്ധരിച്ചുകൊണ്ട് ലോഗൻ എഴുതിയിരിക്കുന്നത്. ഇതിന് ആനുപാതികമായി കീഴാള ജാതിക്കാരുടെ അംഗസംഖ്യ പിറകോട്ടു പോയതായും ലോഗൻ സൂചിപ്പിക്കുന്നു. മുസ്‌ലിം ജനസംഖ്യയുടെ ഈ വർധനവ് അപകടകരമാണെന്ന് ബ്രിട്ടീഷ് അധികൃതരും 1882-ൽ കൽക്കത്തയിൽ ചേർന്ന ക്രിസ്ത്യൻ മിഷനറി കോൺഫറൻസും വിലയിരുത്തിയതായും ലോഗൻ പറയുന്നുണ്ട്. ഹിന്ദുജന്മിമാർക്കെതിരെ മാപ്പിളമാർ നടത്തിയ കലാപം കീഴാള വിഭാഗത്തിൽ സൃഷ്ടിച്ച ആത്മവിശ്വാസവും മുസ്‌ലിംകൾ അവരോട് അനുവർത്തിച്ച സമഭാവനയുമാണ് ഈ പരിവർത്തനത്തിന് കാരണമെന്നാണ് മില്ലറും ലോഗനും ഒരുപോലെ ചൂണ്ടിക്കാട്ടിയിരിക്കുന്നത്. മുസ്‌ലിം കുടിയാന്മാർ അനുഭവിച്ചതിനേക്കാൾ മനുഷ്യത്വവിരുദ്ധമായ പീഡനങ്ങളും മർദനങ്ങളുമാണ് നൂറ്റാണ്ടുകളായി സവർണ ജന്മിമാരിൽനിന്ന് കീഴാള ജാതിക്കാർ അനുഭവിച്ചുകൊണ്ടിരുന്നത്. എന്നാൽ, പോരാട്ടത്തിന്റെ ചരിത്രപാരമ്പര്യമോ പ്രത്യയശാസ്ത്രമോ സ്വന്തമെന്ന് പറയാനില്ലാത്തതിനാൽ ഈ മർദന-പീഡനങ്ങളെല്ലാം അവർ നിശ്ശബ്ദം സഹിക്കുകയായിരുന്നു. തങ്ങളുടെ തന്നെ കർമഫലമായാണ് ഈ പീഡനം ഏറ്റുവാങ്ങേണ്ടിവരുന്നതെന്ന് അവരെ സവർണർ വിശ്വസിപ്പിച്ചിരുന്നതിനാൽ തങ്ങൾ ഇരകളാണെന്ന ബോധം പോലും അവർക്ക് നഷ്ടപ്പെട്ടിരുന്നു. ഇത്തരമൊരു പശ്ചാത്തലത്തിൽ പോരാട്ടത്തിന്റെ പ്രത്യയശാസ്ത്രവും പാരമ്പര്യവും നെഞ്ചിലേറ്റി മുസ്‌ലിംകൾ മർദകർക്കെതിരെ രംഗത്തുവന്നത് കീഴാളരിൽ ഉളവാക്കിയ ആത്മവിശ്വാസം ഊഹിക്കാവുന്നതേയുള്ളൂ.

ഇരുപതാം നൂറ്റാണ്ടിൽ ശ്രീനാരായണ ഗുരുവിന്റെയും മറ്റും നേതൃത്വത്തിൽ കേരളീയ നവോത്ഥാനം എന്ന് പിൽക്കാലത്ത് വ്യവഹരിക്കപ്പെട്ട സാമൂഹിക പരിഷ്കരണ സംരംഭങ്ങളും ജാതിവിരുദ്ധ പ്രവർത്തനങ്ങളും അരങ്ങേറുന്നതുവരെ കീഴാളർ കൂടി ഉൾപ്പെടുന്ന ഒരു ഹിന്ദു സ്വത്വം കേരളത്തിൽ ഉണ്ടായിരുന്നില്ല. അതിനാൽ മാപ്പിളമാരുടെ ജന്മിവിരുദ്ധ കലാപം ജാതി ഹിന്ദുക്കൾക്കനുകൂലമായ വിധത്തിൽ കീഴാളരിൽ യാതൊരുവിധ വർഗീയ ധ്രുവീകരണവും സൃഷ്ടിച്ചിരുന്നില്ല. ഇപ്രകാരം രണ്ട് ഘട്ടങ്ങളിലായി ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയ്ത പുതുമുസ്‌ലിംകളുടെയും നേരത്തേ കൃഷിയാവശ്യാർഥം തീരപ്രദേശങ്ങളിൽനിന്ന് ഉൾനാടുകളിൽ കുടിയേറിയ പരമ്പരാഗത മുസ്‌ലിംകളുടെയും സ്വത്വത്തെ ബ്രിട്ടീഷ് സാമ്രാജ്യത്വവും ജന്മിത്തവും സൃഷ്ടിച്ച സങ്കീർണമായ പുതിയ സാഹചര്യങ്ങളെ അഭിമുഖീകരിക്കാൻ കഴിയുംവിധം രൂപപ്പെടുത്തുകയും വികസിപ്പിക്കുകയുമാണ് യഥാർഥത്തിൽ മമ്പുറം അലവി തങ്ങളുടെ സാമൂഹിക, രാഷ്ട്രീയ, സംസ്കരണ പ്രവർത്തനങ്ങളുടെ കേന്ദ്രവും അന്തർധാരയുമായി വർത്തിച്ച ഘടകം.

പള്ളികളില്ലാത്ത പ്രദേശങ്ങളിലെല്ലാം പള്ളികളുടെ നിർമാണത്തിന് സയ്യിദ് അലവി തങ്ങൾ നൽകിയ മുന്തിയ പരിഗണനയിൽനിന്ന് സമൂഹത്തിന്റെ മതപരവും ധാർമികവുമായ സംസ്കരണത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന ഔത്സുക്യം വായിച്ചെടുക്കാവുന്നതാണ്. അനീതിക്കും ചൂഷണത്തിനും എതിരായ പോരാട്ടവികാരമല്ലാതെ, ഇസ്‌ലാമിനെ കുറിച്ച് കാര്യമായ അറിവോ അവബോധമോ നേടാൻ അവസരം ലഭിച്ചിട്ടില്ലാത്തവരായിരുന്നു ഉൾനാടൻ മുസ്‌ലിംകളിൽ വലിയൊരു വിഭാഗം. പൂർവമതത്തിന്റെ ഭാഗമായ ഒട്ടേറെ അന്ധവിശ്വാസങ്ങളും ജീർണതകളും ഒറ്റയടിക്ക് ഒഴിവാക്കാൻ മാത്രമുള്ള ശിക്ഷണവും അവർ നേടിയിട്ടുണ്ടായിരുന്നില്ല. ഇതിനെല്ലാമുള്ള പരിഹാരമെന്ന നിലയിലാണ് മമ്പുറം അലവി തങ്ങൾ പള്ളിനിർമാണത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തിയത്. നൂറുകണക്കിന് പള്ളികളാണ് തെക്കേ മലബാറിന്റെ ഉൾനാടുകളിൽ അദ്ദേഹത്തിന്റെ മേൽനോട്ടത്തിലോ മാർഗനിർദേശപ്രകാരമോ നിർമിക്കപ്പെട്ടത്. താനൂർ വടക്കേ പള്ളി, കൊടിഞ്ഞി ജുമുഅത്ത് പള്ളി, കാനഞ്ചേരി പള്ളി, ചാപ്പനങ്ങാടി പള്ളി, മുട്ടിയറക്കൽ പള്ളി, കൊയപ്പ പള്ളി, പൊന്മുണ്ടം പള്ളി, മുന്നൂർ ഒടുങ്ങാട്ട് ചിനക്കൽ പള്ളി തുടങ്ങിയവ അവയിൽ ചിലതാണ്.

ഖുർആനും സുന്നത്തും അനുസരിച്ച് ജീവിതം ചിട്ടപ്പെടുത്താൻ സയ്യിദ് അലവി തങ്ങൾ ജനങ്ങളെ ആഹ്വാനം ചെയ്തു. മതനിഷ്ഠയിൽ ഉപേക്ഷ വരുത്തുന്നത് പ്രമാണിമാരാണെങ്കിൽ പോലും അദ്ദേഹം അതിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചിരുന്നു. നമസ്കാരസമയമായത് ഗൗനിക്കാതെ ചതുരംഗക്കളിയിൽ മുഴുകിയ സ്ഥലത്തെ ഒരു പ്രമാണിയെ അദ്ദേഹം ചൂരൽ കൊണ്ട് അടിച്ച സംഭവം പ്രസിദ്ധമാണ്. ശരീഅത്ത് മുറുകെപ്പിടിച്ച് ജീവിതം നയിക്കുകയും അതനുസരിച്ച് ജീവിക്കാൻ ജനങ്ങളെ ഉദ്ബോധിപ്പിക്കുകയും ചെയ്ത അദ്ദേഹം, പിൽക്കാലത്ത്

തെറ്റായി മനസ്സിലാക്കപ്പെടുകയും പ്രചരിപ്പിക്കപ്പെടുകയും ചെയ്തതുപോലെ അത്ഭുതകാഴ്ചകൾ പ്രദർശിപ്പിക്കുകയോ അമാനുഷ പ്രകടനങ്ങൾ നടത്തുകയോ ചെയ്ത ഒരു മുസ്‌ലിംസിദ്ധനോ സാമൂഹികജീവിതത്തിൽനിന്ന് ഒളിച്ചോടിയ ആത്മീയാചാര്യനോ ആയിരുന്നില്ല. മുസ്‌ലിംകളുടെ സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക മണ്ഡലങ്ങളിലെല്ലാം ശക്തമായി ഇടപെട്ട് അവരോടൊപ്പം ജീവിച്ച വിപ്ലവകാരിയായ പരിഷ്കർത്താവായിരുന്നു അദ്ദേഹം. ഏതെങ്കിലും സ്വൂഫിസരണിയിൽ അദ്ദേഹം ബൈഅത്ത് ചെയ്തിരുന്നതിനു പോലും തെളിവില്ല. ജാതിമതഭേദമന്യേ കഷ്ടപ്പെടുന്നവരുടെയും പാവപ്പെട്ടവരുടെയും പ്രശ്നപരിഹാരത്തിന് സാധ്യമായ എല്ലാ പ്രവർത്തനങ്ങൾക്കും മുന്നിട്ടിറങ്ങിയതിനാൽ ജനങ്ങൾക്ക് അദ്ദേഹത്തോട് വലിയ സ്നേഹവും ആദരവുമുണ്ടായിരുന്നുവെന്നത് വസ്തുതയാണ്. എന്നാൽ ഈ സ്നേഹവും ആദരവും സ്വാർഥതാൽപര്യങ്ങൾക്കു വേണ്ടി ചൂഷണം ചെയ്യുകയായിരുന്നില്ല അദ്ദേഹം; പകരം തന്റെ കാലത്തെ മുഖ്യ രാഷ്ട്രീയ പ്രശ്നങ്ങളായ കൊളോണിയലിസത്തിനും ജന്മിത്തത്തിനുമെതിരെ ജനങ്ങളെ സമരസജ്ജരാക്കാൻ അവ ഉപയോഗപ്പെടുത്തുകയായിരുന്നു.

സമുദായത്തെ സാമ്പത്തികമായും രാഷ്ട്രീയമായും തകർക്കാനുള്ള ബ്രിട്ടീഷുകാരുടെ ആസൂത്രിത നീക്കമാണ് മലബാറിൽ നടപ്പാക്കിയ കുടിയാൻ സമ്പ്രദായം എന്ന് തിരിച്ചറിഞ്ഞ മമ്പുറം അലവി തങ്ങൾ, അതിനെതിരെ മാപ്പിള പോരാളികളായ ഉണ്ണി മൂസ മൂപ്പനും ചെമ്പൻ പോക്കരും പഴശ്ശിരാജയുമായി ചേർന്ന് നടത്തിയ ബ്രിട്ടീഷ്‌വിരുദ്ധ സമരത്തെ ശക്തിയായി പിന്തുണക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു.

1817-ൽ മഞ്ചേരിയിൽ അത്തൻ കുരിക്കളുടെ മകൻ നടത്തിയ ബ്രിട്ടീഷ്‌വിരുദ്ധ കലാപത്തിന് പ്രോത്സാഹനം നൽകിയെന്നാരോപിച്ച് മമ്പുറം തങ്ങളെ പിടികൂടി ജയിലിലടക്കാൻ ഭരണകൂടം ആസൂത്രിതമായ പദ്ധതികളാവിഷ്കരിച്ചിരുന്നു. പഴശ്ശിരാജ, ഉണ്ണി മൂസ മൂപ്പൻ, ചെമ്പൻ പോക്കർ സംഘത്തിന്റെ ബ്രിട്ടീഷ്‌വിരുദ്ധ സമരത്തിൽ ചേർന്ന് 1802-ൽ പടക്കളത്തിൽ വീരമൃത്യു വരിച്ച അത്തൻ കുരിക്കളുടെ കണ്ടുകെട്ടിയ ഭൂമി തിരിച്ചുപിടിക്കാൻ അദ്ദേഹത്തിന്റെ മകൻ കുഞ്ഞഹമ്മദ് കോയയുടെ നേതൃത്വത്തിൽ നൂറോളം മാപ്പിളമാർ നടത്തിയ സമരമായിരുന്നു 1817-ലെ മഞ്ചേരി കലാപം. കലാപം അടിച്ചമർത്തിയ ഭരണകൂടം മമ്പുറം തങ്ങളെ അറസ്റ്റ് ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ അദ്ദേഹത്തോട് കോഴിക്കോട് കലക്ടറേറ്റിൽ ഹാജരാകാൻ ഉത്തരവിട്ടു. സായുധരായ തന്റെ അനുയായികളോടൊപ്പം യാതൊരു കൂസലുമില്ലാതെ മമ്പുറം തങ്ങൾ കലക്ടർ ജെയിംസ് പോർഗന്റെ മുമ്പിൽ ഹാജരായി. താൻ ആരുടെ മുമ്പിലും തലകുനിക്കുകയില്ലെന്നും വേണമെങ്കിൽ ബലം പ്രയോഗിച്ച് തന്നെ കീഴ്പ്പെടുത്തുന്നതിൽ വിരോധമില്ലെന്നും അദ്ദേഹം കലക്ടറുടെ മുഖത്തുനോക്കി പറഞ്ഞു. ബലപ്രയോഗത്തിലൂടെ അദ്ദേഹത്തെ അറസ്റ്റ് ചെയ്യാൻ പക്ഷേ, കലക്ടർക്ക് ധൈര്യമില്ലായിരുന്നു. അറസ്റ്റിനൊന്നും മുതിരാതെ മമ്പുറം തങ്ങളെ തിരിച്ചയച്ചതിനു ശേഷം കലക്ടർ മദ്രാസ് ഗവർണർക്ക് ഇപ്രകാരം റിപ്പോർട്ട് നൽകി: "മലബാറിലെ ഉന്നതരും താഴ്ന്നവരുമായ എല്ലാ വിഭാഗം മാപ്പിളമാരും അദ്ദേഹത്തെ സമാദരണീയനായും ആരാധ്യനായും കാണുന്നവരാണ്. അദ്ദേഹത്തെ ബലം പ്രയോഗിച്ച് കീഴ്പ്പെടുത്തുന്നുവെങ്കിൽ തുടർന്നുണ്ടാകാവുന്ന ഭയാനകമായ പ്രത്യാഘാതം ഒരുപക്ഷേ മലബാറിൽ ആകമാനമുള്ള മാപ്പിളമാരുടെ ശക്തമായ മുന്നേറ്റവും എതിർപ്പുമായിരിക്കുമെന്ന് ഞാൻ ന്യായമായും ഊഹിക്കുന്നു. പ്രത്യേകിച്ച് ഇവിടെയുള്ള പോലീസ് മാപ്പിളമാരോട് ഏറ്റവും ശത്രുതയുള്ള നായന്മാർ കൂടിയാകുന്നു എന്നതിനാൽ ഈ പൊട്ടിത്തെറിയുടെ വ്യാപ്തി ഊഹിക്കാൻ തന്നെ പ്രയാസമാകുന്നു' (*കേരളത്തിന്റെയും കേരള മുസ്‌ലിംകളുടെയും ചരിത്രം*- സി.കെ. കരീം, പേജ് 1/544).

നേരത്തേ 1802-ൽ പഴശ്ശി രാജയുടെയും ഉണ്ണി മൂസ മൂപ്പന്റെയും ചെമ്പൻ പോക്കരുടെയും ബ്രിട്ടീഷ്‌വിരുദ്ധ സമരം നടക്കുമ്പോഴും പ്രസ്തുത സമരത്തിന് ധാർമിക പിന്തുണ നൽകിയ അലവി തങ്ങളെ അറസ്റ്റ് ചെയ്യാൻ നീക്കം നടത്തിയിരുന്നുവെങ്കിലും അപ്പോഴും പ്രത്യാഘാതം ഭയന്ന് അധികൃതർ പിന്മാറുകയായിരുന്നു. ഔപചാരികമായ പദവികളോ അധികാരങ്ങളോ ഒന്നും ഇല്ലാതെ ത്തന്നെ രാജ്യത്തിനുള്ളിലെ രാജ്യം എന്നു പറയാവുന്ന വിധത്തിൽ പൗരസമൂഹത്തെ ശാക്തീകരിക്കാൻ തന്റെ വ്യക്തിത്വവും സാമൂഹിക ഇടപെടലുകളും കൊണ്ട് മമ്പുറം തങ്ങൾക്ക് സാധിച്ചുവെന്നതിന്റെ തെളിവാണ് കലക്ടർ തന്റെ മേലുദ്യോഗസ്ഥന് നൽകിയ നിസ്സഹായമായ കുറിപ്പ്.

(തുടരും)

ktmhussain@yahoo.co.in